

നിങ്ങൾക്ക്
ഒരു സൂര്യനെപ്പോലെ
തിളങ്ങണമെങ്കിൽ,
ആദ്യം സൂര്യനെപ്പോൽ
കത്തിജ്വലിക്കുക.

-എ.പി.ജെ. അബ്ദുൽകലാം

സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ
മതിലകം

# പാഠശാല



എഡിറ്റോറിയൽ

## മികവിന്റെ പടവുകൾ താണ്ടി ഞങ്ങൾ ജൈത്രയാത്ര തുടരുകയാണ്...

കാലം കവടി നിരത്തിയ കളിക്കളങ്ങൾ. മധുരപതിനെട്ടിൻ സ്വരജതിയിൽ തളിർത്ത് പത്തൊൻപതിൽ തരളിതയിൽ പതിയെ പടിയിറങ്ങുന്ന ഒരു അധ്യയന വർഷം കൂടി. കലയും കാവ്യവും കായികവും അറിവും നിറവും കൈകോർത്ത് വിളങ്ങിയ ദശമാസക്കാലം... പ്രളയാലിംഗനത്തിൽ അലിഞ്ഞുപോയ അദ്ധ്യയനത്തിനും ആയുസ്സുകൾക്കും മുന്നിൽ പ്രണമിച്ചുകൊണ്ട്... പ്രളയശേഷിയിൽ നിന്നു പുനർനിർമ്മാണവീചിയിലൂടെ തിരിച്ചറിവിന്റെ നേരും നെറിയും ഉൾക്കൊണ്ട് "പാഠശാല" യുടെ പടിവാതിൽ ഇറക്കുകയായി.

മതിലകം സെന്റ് ജോസഫ്സ് സ്കൂൾ ഓരോ വർഷവും കുട്ടികളുടെ സർവതോന്മുഖമായ വികസനം ലക്ഷ്യമാക്കികൊണ്ട് വ്യത്യസ്തപ്രവർത്തനങ്ങൾ കാഴ്ചവെച്ച് പടിപടിയായിമുന്നേറുകയാണ്. പാഠ്യപാഠ്യേതര വിഷയങ്ങളിൽ ഒരുപോലെ മുന്നോട്ട് കുതിച്ചുകൊണ്ടിരിക്കുന്ന സ്കൂളിന്റെ പ്രവർത്തനങ്ങൾ എല്ലാത്തരത്തിലും പുതുമ പുലർത്തുന്നതാണ്. അതിന് പ്രത്യേക ഉദാഹരണമാണ് "സെന്റ് ജോസഫ്സ് ബീറ്റസ്" എന്ന പേരിൽ പുതിയൊരു യൂട്യൂബ്ചാനൽ.

കുട്ടികളിൽ സാമൂഹ്യമായ പ്രതിബന്ധതയും വിശാലമനസ്കതയും വളർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നത്. എസ്.പി.സി, റെഡ്ക്രോസ്, സ്കൗട്ട് & ഗൈഡൻസ് തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികളിൽ മാനുഷിക മൂല്യങ്ങൾ വളർത്തുന്നു.

ഉപജില്ല, സംസ്ഥാനതലങ്ങളിൽ സമ്മാനം നേടുക എന്ന ലക്ഷ്യത്തോടെ മാത്രമല്ല, അത്തരത്തിലുള്ള മേളകളിൽ പങ്കെടുക്കാൻ അവസരം ലഭിക്കാത്ത കുട്ടികളുടെ കഴിവുകൾകൂടി മെച്ചപ്പെടുത്തുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ഇവിടെ ഒരുക്കുന്നുണ്ട്.

മതസൗഹാർദ്ദത്തിൽ എന്നും മാതൃകയാണ് ഈ വിദ്യാലയം- ജാതി-മത-വർഗ്ഗ വിവേചനമില്ലാതെ പരസ്പരം താങ്ങും തണലുമായി ഒത്തൊരുമയോടെ പ്രവർത്തിക്കുന്ന വിദ്യാർത്ഥികളും അധ്യാപകരും ഈ സ്കൂളിന്റെ മുതൽക്കൂട്ടാണ്. ക്രിസ്തുമസ്, ഓണം, റംസാൻ തുടങ്ങിയ ആഘോഷങ്ങൾ ഓരോ വർഷവും വ്യത്യാസവും ആകർഷകവുമായ പരിപാടികളോടെ നടത്തിവരുന്നു. ഇത്തരത്തിലുള്ള ആഘോഷങ്ങൾ കുട്ടികളുടെ മനസ്സുകളിൽ മതസൗഹാർദ്ദത്തെ അരക്കിട്ടുറപ്പിക്കുവാൻ ഉതകുന്നു.

പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിരന്തരമൂല്യനിർണ്ണയം നടത്തി ഉന്നത നിലവാരം പുലർത്തുന്ന കുട്ടികൾക്ക് മാസം തോറും "സ്റ്റാറുകൾ" നൽകി അനുമോദിക്കുന്നു. ശുചിത്വബോധം കുട്ടികളിൽ വളർത്തുന്നതിനായി ക്ലാസ്സും പരിസരവും വ്യക്തിശുചിത്വവും നിലനിർത്തുന്ന ക്ലാസ്സുകളെ തെരഞ്ഞെടുത്ത് ഓരോ മാസവും "ക്ലീൻ ക്ലാസ്" ട്രോഫി നൽകി വരുന്നു.

പ്രതിദിനം വൈവിധ്യമാർന്ന അസംബ്ലി എടുത്ത് പറയേണ്ടതാണ്. ഓരോദിനാചരണങ്ങളുടെയും പ്രാധാന്യം ഉൾക്കൊണ്ട് വിവിധഭാഷകളെ ഉൾപ്പെടുത്തിയാണ് അസംബ്ലി നടത്തിവരുന്നത്. വാർത്താവതരണം, പുസ്തകപരിചയം, ഫലിതചോദ്യങ്ങൾ, ചിന്താവിഷയങ്ങൾ, മഹത്വചനങ്ങൾ, സുഭാഷിതങ്ങൾ തുടങ്ങിയവയുടെ അവതരണരീതിയിലെ വ്യത്യസ്തതയാണ് അസംബ്ലിയെ ആകർഷകമാക്കുന്നത്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ പൊതുവിദ്യാലയങ്ങൾ "ഹൈടെക്ക്വത്ക്കരണം" നടത്തുന്ന സാഹചര്യത്തിൽ നമ്മുടെ വിദ്യാലയവും ഒരുപടിമുന്നിലാണെന്ന കാര്യത്തിൽ നമുക്ക് അഭിമാനിക്കാം. ഈ നേട്ടങ്ങളുടെയെല്ലാം പിന്നിൽ അക്ഷീണം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പി.ടി.എ., മാതൃസംഘം തുടങ്ങിയവരുടെ പ്രവർത്തനങ്ങളും എല്ലാറ്റിനുമുപരി എല്ലാ പ്രവർത്തനങ്ങൾക്കും ശക്തി പകർന്നുകൊണ്ട് എച്ച്.എം. ന്റെ നേതൃത്വത്തിൽ ഒത്തൊരുമയോടെ പ്രവർത്തിക്കുന്ന അദ്ധ്യാപക കൂട്ടായ്മയും ഈ സ്കൂളിന്റെ മാത്രം നേട്ടമാണ്. ഇനിയും ഒറുപാട് പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു, കുറച്ച് മാത്രമെ ഇവിടെ പരാമർശിക്കുന്നുള്ളു.

വിജയ കീരീടങ്ങൾ തുടർന്നുകൊണ്ടിരിക്കുന്ന ഞങ്ങളുടെ "പാഠശാല" നിങ്ങളുടെ കൈകളിലേക്ക്, സ്വീകരിച്ചാലും...



## ജീവശാസ്ത്രത്തിന്റെ നഷ്ടം...

ബാലൻമാസ്റ്റർ, സെലീന ടീച്ചർ, റാണി ടീച്ചർ... ഇതാ ജീവശാസ്ത്രത്തിന്റെ സുഗന്ധവല്ലരിയിൽ നിന്നും ഒരു പുഷ്പം കൂടി കൊഴിയാനൊരുങ്ങുന്നു. 1995 ജനുവരിമാസത്തിൽ സെന്റ് ജോസഫ്സിന്റെ നടുമുറ്റത്തേക്ക് ആത്മാർത്ഥതയുടെ ഉത്തരവാദിത്വബോധത്തിന്റെ, സമയനിഷ്ഠ എടുത്തു പറയേണ്ട ഒന്നുതന്നെയാണ്. ചെയ്യേണ്ട ഉത്തരവാദിത്വങ്ങൾ കൃത്യസമയത്തു തന്നെ, അല്ല, സമയത്തിനു മുമ്പേ തന്നെ ചെയ്തു തീർക്കുക എന്നത് ബീനടീച്ചറുടെ പ്രത്യേകതയാണ്. 2016 വരെ പത്താംക്ലാസിന്റെ ക്ലാസ്സ് ചാർജ്ജ് എന്ന ചുമതലഭംഗിയായി നിർവഹിച്ചു. അതിനുശേഷം രണ്ടു വർഷം 8-ാം ക്ലാസിന്റെ മെയിൻ ചാർജ്ജ്. എല്ലാ ചുമതലകളും ഉത്തരവാദിത്വത്തോടെ, ചിട്ടയോടെ ആത്മാർത്ഥമായി, സമയബന്ധിതമായി ചെയ്തു തീർക്കാൻ ടീച്ചർക്ക് കഴിഞ്ഞു എന്നത് അഭിനന്ദനീയമാണ്. ഏതൊരുകാര്യവും വളരെ കണിശമായി ചെയ്തു തീർക്കാനുള്ള ടീച്ചറുടെ പാഠവം ഏറെ ശ്രദ്ധേയമാണ്. ടീച്ചറുടെ വിഷയാവബോധം, ദീർഘവീക്ഷണം, പോസിറ്റീവ് ആയി ചിന്തിക്കാനുള്ള കഴിവ്, ആരെയും മുഷിപ്പിക്കാതിരിക്കാനുള്ള ശ്രദ്ധ, എന്നു മാത്രമല്ല, സൗമ്യശീലവും ഹൃദ്യമായ പെരുമാറ്റവും ആകർഷകമായ വ്യക്തിത്വവും കൊണ്ട് നമ്മെ ഏറെ സ്വാധീനിക്കുന്ന വ്യക്തിയാണ് ബീന ടീച്ചർ. ടീച്ചറുടെ അർപ്പണബോധവും ആത്മാർത്ഥതയും അനുകരണീയമാണ്. വിദ്യാലയത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് നിസ്വാർത്ഥസേവനത്താലും ആത്മാർത്ഥപ്രയത്നത്താലും ഏവരേയും ആകർഷിക്കുന്ന ബീനടീച്ചർ... ടീച്ചർ ഞങ്ങളുടെ ഹൃദയങ്ങളിൽ എന്നും നിലനിൽക്കും. ആയുരാരോഗ്യസമൃദ്ധി നൽകി സർവ്വേശ്വരൻ ടീച്ചറെ എന്നും അനുഗ്രഹിക്കട്ടെ.

# മുന്നേറ്റത്തിന്റെ പാതയിൽ ചുവടുവച്ച്
## സെന്റ്ജോസഫ്സ് ബീറ്റ്സ് – യൂട്യൂബ് ചാനൽ



സെന്റ് ജോസഫ്സിന്റെ ഹൃദയത്തുടിപ്പ് ഇനി നിങ്ങളുടെ വിരൽത്തുമ്പിൽ.

ജില്ലക്കു മികവായ്, സംസ്ഥാനത്തിന്നഭിമാനമായ് സെന്റ് ജോസഫ്സ് ചുവടുവയ്ക്കുന്നു. പുതിയ സംരംഭമായ യൂട്യൂബ് ചാനലിലൂടെ. വിവരസാങ്കേതികവിദ്യ പുതിയ മാനങ്ങളിലൂടെ അവതരിപ്പിക്കുകയാണ് സെന്റ് ജോസഫ്സിലെ മിടുക്കരായ വിദ്യാർത്ഥികൾ. ക്ലാസ്സ് മുറികൾ ഹൈടെക് ആയി മാറിയ സാഹചര്യത്തിൽ പുതുമയുടെയും ഉണർവിന്റെയും ലോകത്തേക്ക്അവരെ കൈപിടിച്ചു നടത്താൻ അദ്ധ്യാപകരും ഒപ്പമുണ്ട്. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് എല്ലാ തരത്തിലും ഇതിനുവേണ്ട നേതൃത്വം നൽകുന്നു.

വിദ്യാലയ സംബന്ധമായതും വിദ്യാർത്ഥികൾക്ക് ഗുണകരമായതുമായ പരിപാടികളാണ് ചാനൽ ലക്ഷ്യം വയ്ക്കുന്നത്. വിദ്യാലയ വാർത്തകളും ഡോക്യുമെന്ററികളുമാണ് ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളത്. വിവര സാങ്കേതിക വിദ്യയിലൂടെ ആർജ്ജിച്ചെടുത്ത കഴിവുകൾ മികച്ച രീതിയിൽ അവതരിപ്പിക്കുകയാണ് സെന്റ് ജോസഫ്സിന്റെ പുതുതലമുറ.

അറിവിന്റെ വെളിച്ചം കൈത്തിരിയിലൂടെ പകർന്നു കൊണ്ട് നവംബർ 30ന് നടന്ന ഉദ്ഘാടനചടങ്ങിൽ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ഇ.ടി. ടൈസൺമാസ്റ്റർ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ചടങ്ങിൽ പി.ടി.എ. അംഗം ശ്രീ. അനിൽ കിള്ളിക്കുളങ്ങര അദ്ധ്യക്ഷത വഹിച്ചു. സ്കൂൾ മാനേജർ റവ. ഫാ. ജോഷി കല്ലറക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.കെ. അബീദലി മുഖ്യാതിഥിയായിരുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പും നമ്മുടെ സ്കൂളിന്റെ ഈ പ്രവർത്തനത്തിൽ പ്രത്യേക താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മന്ത്രി ശ്രീ. സി. രവീന്ദ്രനാഥ്, തൃശൂർ വിദ്യാഭ്യാസ ജില്ല ഡെപ്യൂട്ടി ഡയറക്ടർ, ഉപഡയറക്ടർ തുടങ്ങി സ്കൂളിലെ പൂർവ്വവിദ്യാർത്ഥികളായിരുന്ന വിവിധ മേഖലകളിൽ നിന്നുള്ള പ്രശസ്ത വ്യക്തികൾ ഈ പ്രവർത്തനത്തിന് പിന്തുണയും പ്രോത്സാഹനവുമായി മുന്നോട്ട് വന്നിരുന്നു. സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും കരുത്തു പകരുന്ന രക്ഷിതാക്കളും അഭ്യുദയകാംക്ഷികളും ചാനലിനെ ഏറ്റെടുത്തതിന്റെ തെളിവാണ് ആദ്യദിനം തന്നെ ചാനൽ നേടിയ ലൈക്കുകൾ.

വിദ്യാർത്ഥികളുടെ കലാ-കായിക പഠന മേഖലകളിൽ മികവു പുലർത്തുന്ന സെന്റ് ജോസഫ്സിന്റെ കിരീടത്തിൽ മറ്റൊരു പൊൻതൂവലാവുകയാണ് സെന്റ് ജോസഫ്സ് ബീറ്റ്സ്. ആ ഹൃദയത്തുടിപ്പ് നമുക്കും ഹൃദയത്തിലേറ്റാം.

# വിജയ കിരീടം ചൂടി വായനാപക്ഷാചരണ പ്രവർത്തനങ്ങൾ



ഓരോ വർഷവും വ്യത്യസ്തവും പുതുമയാർന്നതുമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന മതിലകം സെന്റ് ജോസഫ്സ് ഹൈസ്കൂൾ ഇത്തവണ ഉപജില്ലയിലെ ഏറ്റവും മികച്ച പ്രവർത്തനത്തിനു

## ചവിട്ടിക്കയറി മതിലകം സെന്റ് ജോസഫ്സ്



പ്രളയത്തോളം പോന്ന വെല്ലുവിളികളെ അതിജീവിച്ചാണ് മതിലകം സെന്റ് ജോസഫ്സിലെ വിദ്യാർത്ഥിനികൾ ചവിട്ടുനാടകമത്സരത്തിൽ അരങ്ങേറിയത്. ഹൈസ്കൂൾ വിഭാഗത്തിൽ വേദിയെ ചവിട്ടിമെരുക്കിയ പ്രകടനത്തിൽ ഓരോരുത്തരുടെയും മുഖത്ത് തെളിഞ്ഞതും അതിജീവനത്തിന്റെ ആത്മവിശ്വാസം. ഉപജില്ലാ, ജില്ലാ കലോത്സവങ്ങളിൽ എ ഗ്രേഡോടു കൂടി ഒന്നാം സ്ഥാനവും സംസ്ഥാനകലോത്സവത്തിൽ എ ഗ്രേഡും നേടി സെന്റ് ജോസഫ്സിലെ വിദ്യാർത്ഥിനികൾ അഭിമാനതാരങ്ങളായി മാറി. അഖില എം.എസ്. 9 എൽ, വൈഷ്ണവി വി.എസ്. 9 ജെ, ജിയ റോസ് ബിജു 9 എൽ, ദേവികൃഷ്ണ എം.പി. 10 ജെ, ശില്പ എ.എം. 10 എച്ച്, ആരതി പി.എസ്. 10 എച്ച്, മാളവിക കെ.എം. 10 കെ, കാർത്തിക കെ.ആർ. 10 ജെ, അനഘ അരുൺ എം.എ. 10 ജെ, ആർദ്ര സുകുമാർ ടി.എസ്. 10 ജി, എന്നീ വിദ്യാർത്ഥിനികളാണ് ചവിട്ടുനാടകമത്സരത്തിൽ വേഷമണിഞ്ഞത്.

## തിളക്കം നഷ്ടപ്പെടാതെ കലോത്സവത്തിലും

പ്രളയ പശ്ചാത്തലത്തിൽ ആഘോഷങ്ങളും ആർഭാടങ്ങളും ഇല്ലാതെ നടത്തിയ ഉപജില്ല, ജില്ല, സംസ്ഥാന കലോത്സവങ്ങളിൽ സെന്റ് ജോസഫ്സ് മുന്നിൽ തന്നെ. കഴിഞ്ഞ പതിനാല് വർഷത്തെപോലെ തന്നെ ഉപജില്ലയിൽ ഇത്തവണയും സെന്റ് ജോസഫ്സ് കിരീടം ചൂടാത്ത രാജാക്കന്മാരായി. ഉപജില്ലയിൽ നിന്ന് ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ ജില്ലാതല മത്സരത്തിൽ പങ്കെടുപ്പിച്ചത് നമ്മുടെ വിദ്യാലയത്തിൽ നിന്നാണ്. എട്ട് ഗ്രൂപ്പ് ഇനങ്ങൾ ഉൾപ്പെടെ 100 ഓളം വിദ്യാർത്ഥികളെ ജില്ലാതല മത്സരത്തിൽ പങ്കെടുപ്പിക്കാൻ കഴിഞ്ഞത് വലിയ ഒരു നേട്ടമാണ്. ആലപ്പുഴയിൽ വെച്ച് നടന്ന സംസ്ഥാനതല മത്സരത്തിൽ ചവിട്ടുനാടകം, ഒപ്പന, വീണ എന്നീ ഇനങ്ങളിൽ പങ്കെടുത്ത് എഗ്രേഡ് കരസ്ഥമാക്കി.

അറബി സാഹിത്യോത്സവത്തിൽ എച്ച്.എസ്. വിഭാഗം 78 പോയിന്റ് നേടി മൂന്നാസ്ഥാനം കരസ്ഥമാക്കാൻ സാധിച്ചു. ജില്ലാതല അറബി കലോത്സവത്തിൽ അറബി പദ്യപാരായണം, അറബിമോണോ ആക്ട് എന്നിവയിൽ എ ഗ്രേഡ് കരസ്ഥമാക്കാൻ സാധിച്ചു. സംസ്കൃതോത്സവത്തിലും മികച്ചനേട്ടം കൈവരിക്കാൻ സെന്റ് ജോസഫ്സിന് സാധിച്ചു.



## സ്മൃതി 2018

യു.പി. വിഭാഗം സോഷ്യൽ സയൻസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ പഴമയിലേക്കുള്ള ഒരു എത്തിനോട്ടം എന്ന രീതിയിൽ 'സ്മൃതി 2018' എന്ന ഒരു പ്രദർശനം സംഘടിപ്പിക്കുകയുണ്ടായി. ഇതിൽ പഴയകാല വസ്തുക്കളും, പഴയതലമുറ ഉപയോഗിച്ചിരുന്നതും പുതിയ തലമുറയ്ക്ക് സുപരിചിതമല്ലാത്തതുമായ ഒട്ടേറെ വസ്തുക്കൾ പ്രദർശനത്തിനുണ്ടായിരുന്നു.

## മാപ്പിരക്കുന്നു ഞാൻ....

ആൻലിയ സജി 9 കെ.

**നി**ത്യമനോഹരിയാം ഹരിതേ
പച്ചപട്ടുവിരിച്ച പരവതാനിയിൽ
എന്നും എന്നെ താരാട്ടാട്ടി
പുളകമണിയിച്ചവളേ ചാരുതേ
ഒരു നിമിഷം ഞാൻ മറന്നല്ലോ
എന്റെ സുഗന്ധവാഹിനി അമ്മയേ
വന്ദിക്കേണ്ടവളല്ലയോ എന്നറിഞ്ഞിട്ടും
നിന്ദിക്കേണ്ടി വന്നതോർത്തു കരഞ്ഞു ഞാൻ
ചെയ്തതൊന്നും തിരിച്ചെടുക്കാനാവില്ലല്ലോ-
യെന്നറിഞ്ഞിട്ടോ അറിയാഞ്ഞിട്ടോ
നിന്നോടു ഞാൻ ചെയ്തു അപരാധം
പൊറുക്കില്ലെ, ഈ പൈതങ്ങളോട്
കനിയില്ലെ ഈ കരങ്ങളോട്
തിരുത്താം ഞാനെന്റെ ചെയ്തിയെ
വളർത്താം ഞാൻ ഹരിതഭൂമിയെ
മാപ്പിരക്കുന്നു...
ക്ഷമാപണം ചെയ്യുന്നു
ഇനിയുമരുതേ ഈ മഹാതാണ്ഡവം
ഇനിയുമരുതേ....

# ഗാന്ധി ദർശൻ ക്ലബ്ബ് വ്യത്യസ്തതയാർന്ന് ഗാന്ധിദർശൻ പ്രവർത്തനങ്ങൾ

ഗാന്ധിജയന്തി വാരാഘോഷത്തോടനുബന്ധിച്ച് കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഇന്ത്യൻ ഓവർ സീസ് ബാങ്ക് എന്നിവരുടെ സഹകരണത്തോടെ നടത്തിയ ജില്ലാ പ്രശ്നോത്തരിയിൽ 8 എയിൽ പഠിക്കുന്ന രഞ്ജിമ എം.എസ്. ഉം 10 ബിയിൽ പഠിക്കുന്ന നന്ദന ടി.ആർ. ഉം മൂന്നാം സ്ഥാനത്തിന് അർഹരായി. കൊടുങ്ങല്ലൂർ ഉപജില്ലാതലത്തിൽ നടത്തിയ പ്രസംഗ മത്സരത്തിൽ 10 കെയിൽ പഠിക്കുന്ന മാനവേന്ദ്രൻ ഒന്നാം സ്ഥാനത്തിന് അർഹമായി. ആസ്വാദന കുറിപ്പു മത്സരത്തിൽ 9 കെയിൽ പഠിക്കുന്ന ലയ പി.എസ്. രണ്ടാം സ്ഥാനത്തിന് അർഹയാവുകയും ചെയ്തു. ഇവർ ജില്ലാ മത്സരത്തിൽ പങ്കെടുക്കുവാൻ അർഹതനേടുകയും ചെയ്തു. SCERT യുടെ 'നയിതലീം' പദ്ധതി പ്രകാരം ഗാന്ധിജിയുടെ ജന്മദിനാഘോഷത്തോടനുബന്ധിച്ച് ഒരു പഠനയാത്ര ഗാന്ധി ദർശൻ ടീം നടത്തുകയുണ്ടായി. അതിന്റെ ഭാഗമായി വർക്ക് പ്ലെയിസ് വിസിറ്റ് ചെയ്തു. നോർത്ത് പറവൂരിലെ ചേന്ദമംഗലത്തുള്ള കൈത്തറി നെയ്ത്തു ശാലയിൽ 26 കുട്ടികൾ എത്തിചേരുകയും പ്രവർത്തനങ്ങൾ കണ്ടു മനസ്സിലാക്കുകയും ചെയ്തു. ഒക്ടോബർ 2-ാം തിയതി ഗാന്ധി ജയന്തി ദിനാഘോഷത്തോടനുബന്ധിച്ച് ഗാന്ധിജി അനുസ്മരണ പ്രഭാഷണം നടത്തുകയും ചെയ്തു. 'നയിതലീം' പദ്ധതിയുടെ ഭാഗമായി കൊമ്പിടിയിലെ മഷികുളം എന്ന സ്ഥലത്തെ ക്ഷീര കർഷകനായ പി. സുബ്രഹ്മണ്യത്തിന്റെ പശുക്കളെ വളർത്തുന്ന



ഫാം സന്ദർശിക്കുകയും നാടൻ പശുക്കളെ വളർത്തുന്നതിന്റെ ഗുണമേന്മയെക്കുറിച്ചും പഴയ നെൽവിത്തിനങ്ങൾ കൃഷി ചെയ്യുന്നതിന്റെ ഗുണത്തെക്കുറിച്ചും നിരവധി കർഷകശ്രീ അവാർഡ് വാങ്ങിച്ചിട്ടുള്ള സുബ്രഹ്മണ്യൻ കുട്ടികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പഠനത്തോടൊപ്പം ഒരു കൈതൊഴിൽ അഭ്യസിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് മനസ്സിലാക്കുന്നതിനുവേണ്ടി മതിലകത്തുള്ള യൂണിവേഴ്സൽ ഓട്ടോ മൊബൈൽസ് വർക്ക് ഷോപ്പ് സന്ദർശിക്കുകയും ഗാന്ധിജിയുടെ വാക്കുകൾ ആഴത്തിൽ ബോധ്യപ്പെടുകയും ചെയ്തു. ഗാന്ധിജി വാരാഘോഷത്തോടനുബന്ധിച്ച് ശ്രീ. ടൈസൺമാസ്റ്റർ എം.എൽ.എ. യുടെ നിർദ്ദേശ പ്രകാരം കുട്ടികൾ പ്ലാസ്റ്റിക് കുപ്പികൾ വീട്ടിൽ നിന്നും കൊണ്ടുവന്ന് സ്കൂളിൽ ശേഖരിച്ച് അത് വിറ്റു കിട്ടുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യുകയും ചെയ്തു.

# മലയാളത്തിളക്കം തിളക്കത്തോടെ

നവകേരള സൃഷ്ടി ലക്ഷ്യമിട്ട് നടത്തുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി മലയാളഭാഷാ പഠന മികവിനായുള്ള മലയാളത്തിളക്കം പരിപാടി സെന്റ് ജോസഫ്സ് സ്കൂളിൽ വച്ച് നടത്തുകയുണ്ടായി. കൊടുങ്ങല്ലൂർ ഉപജില്ലയിലെ ഇരുപത്തിയഞ്ച് അധ്യാപകർക്ക് ആദ്യം പരിശീലനം നൽകി. അതിനുശേഷം സ്കൂളിൽ ഒന്നു മുതൽ പത്തുവരെയുള്ള കുട്ടികളെ വിവിധ ബാച്ചുകളായി തിരിച്ച് 8 ദിവസം മലയാള അക്ഷരങ്ങൾ വായിക്കാനും എഴുതാനും വീഡിയോ ക്ലിപ്പുകളിലൂടെയും ചാർട്ടുകളിലൂടെയും സജ്ജരാക്കി, ഇതിന്റെ ഫലമായി ഭാഷയിൽ ഉയർന്ന നിലവാരം പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ ഏർപ്പെടുത്തുന്നതിനും ആശയങ്ങളെ വ്യത്യസ്തരീതിയിൽ ആവിഷ്കരിക്കാനും മലയാളത്തിളക്കത്തിന്റെ ഭാഗമായി സാധിച്ചു എന്നതും ശ്രദ്ധേയമാണ്.

# ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്സ്



മതിലകം സെന്റ് ജോസഫ്സ് ഹയർസെക്കന്ററി സ്കൂളിൽ എസ്. എസ്. ജിയുടെ ആഭിമുഖ്യത്തിൽ ഒമ്പതാം ക്ലാസിലെ ആൺകുട്ടികൾക്കായി ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. എക്സൈസ് ഓഫീസർ ശ്രീ. രിഹാസ് ആണ് ക്ലാസ് നയിച്ചത്. ലഹരി വസ്തുക്കൾ ആരോഗ്യത്തെ എങ്ങനെ പ്രതികൂലമായി ബാധിക്കുമെന്നും ഒരു വ്യക്തിയുടെ ജീവിതം എങ്ങനെ നശിപ്പിക്കുമെന്നും ലഹരി ഉപയോഗിക്കുന്ന കുട്ടികളെ എങ്ങനെ തിരിച്ചറിയാമെന്നുമൊക്കെയുള്ള കാര്യങ്ങൾ വളരെ വിശദമായി പ്രതിപാദിക്കുന്ന വിജ്ഞാനപ്രദമായ ക്ലാസ് ആയിരുന്നു ഇത്.

എച്ച്.എം. ശ്രീ. മുജീബ് റഹ്മാൻ, ഡെപ്യൂട്ടി എച്ച്.എം. ശ്രീ. ജോജി ജോസഫ്, പി.ടി.എ. പ്രസിഡന്റ് ശ്രീ. ജീവാനന്ദൻ തുടങ്ങിയവർ സംസാരിച്ചു.

# മോഹങ്ങളുടെ അടിത്തട്ടിൽ

നക്ഷത്ര സി.പി., 9 ഡി

മുറ്റത്തു നില്ക്കുന്ന മാമ്പൂവിൻ തണലിലാ-
യൊന്നിരിക്കാനുണ്ടെനിക്കു മോഹം
കാർമേഘക്കൂട്ടിലെ പൈങ്കിളിപൈതലാ
യൊന്നിരിക്കാനുണ്ടെനിക്കു മോഹം
നിത്യം കണികാണുമമ്മയെ ചെന്നിട്ട്
മാറോടണയ്ക്കാനെനിക്ക് മോഹം
പൂവിനെ തഴുകുന്ന കാറ്റിനോടിത്തിരി
കിന്നാരം പറയുവാനുണ്ടുമോഹം
മാറുന്ന ലോകത്തെ നേർവഴിക്കാക്കുവാൻ
സേവനം ചെയ്യുവാനുണ്ടു മോഹം
എന്നു നിലാവത്ത് കാണുന്ന നക്ഷത്ര-
മൊന്നു തൊടാനുണ്ടെനിക്കു മോഹം
എന്നും കനിവോടെ കാത്തരുളുന്നൊരെൻ
മാതാപിതാക്കൾക്കുമുണ്ടുമോഹം

# രുചിനുണഞ്ഞ് സ്പർശം 2018

ഫുഡ്ഫെസ്റ്റ് : ആധുനികതയുടെ ശാസ്ത്ര സാങ്കേതിക പുരോഗതിയുടെ മാസ്മരിക ലോകത്തിലൂടെ വേഗത്തിന്റെ വർണച്ചിറകിലേറി നടക്കുന്ന മനുഷ്യൻ തന്നെക്കുറിച്ചു മാത്രം ചിന്തിക്കുമ്പോൾ, തനിക്കുവേണ്ടി മാത്രം ജീവിക്കുമ്പോൾ കേൾക്കാൻ മറക്കുന്ന കേൾക്കാതെ നടിക്കുന്ന ഒരു രോദനമുണ്ട്–വിശപ്പിന്റെ, നിസ്സഹായതയുടെ ഒറ്റപ്പെടലിന്റെ ദീനരോദനം. അതെ ആ രോദനം ഞങ്ങൾ കേട്ടു തുടങ്ങിയപ്പോൾ ഞങ്ങളുടെ സെന്റ് ജോസഫ്സ് കുടുംബം ഒന്നടങ്കം തീരുമാനിച്ചു ഒരു ദൈവിക സ്പർശമായി അവരുടെ ജീവിതത്തിലേക്കുകടന്നുചെല്ലാൻ. അവർക്കു താങ്ങും തണലുമാവാൻ. അവരുടെ വേദനയും കണ്ണീരുമൊപ്പാൻ. അതെ അതു തന്നെയാണ് മൂല്യാധിഷ്ഠിത വിദ്യാഭ്യാസം എന്നു ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. ഭാവിയുടെ വാഗ്ദാനങ്ങളാകേണ്ട ഇന്നിന്റെ കുരുന്നുകളിൽ നന്മയും കരുണയും കരുതലും ഉത്തരവാദിത്വബോധവും, സഹിഷ്ണുതയും ഊട്ടിയുറപ്പിക്കാൻ ഞങ്ങൾ ഒരുക്കിയ ഒരു സംരംഭം 'സ്പർശം -2018' ഈ ഫുഡ് ഫെസ്റ്റ് (ഭക്ഷ്യമേളയിലൂടെ) സമാഹരിച്ച തുക അശരണരായ, ജീവിതത്തിൽ ആരോരും സഹായിക്കാനില്ലാത്ത കുരുന്നുകൾക്കു നൽകാൻ ഞങ്ങൾ തീരുമാനിച്ചു. ഭക്ഷ്യമേള ഒരു വിജയമാക്കാൻ അധ്യാപകരോടൊപ്പം തന്നെ രക്ഷിതാക്കളും കുഞ്ഞുങ്ങളും മാനേജ്മെന്റും സഹകരിക്കുകയുണ്ടായി. ഇങ്ങനെ പോകുന്നു എൽ. പി. വിഭാഗത്തിന്റെ വ്യത്യസ്തങ്ങളായ ചാവടാവയ്പാകൾ.

## ഉപജില്ല കായികമേള ഓവറോൾ കിരീടം തുടർച്ചയായി 6–ാം തവണയും സെന്റ് ജോസഫ്സിന്



## സാഹിത്യവേദി ഉപജില്ല മത്സരങ്ങൾ

**കൊടുങ്ങല്ലൂർ** ഉപജില്ലാ തല സാഹിത്യ വേദി മത്സരങ്ങളിൽ മികച്ച വിജയമാണ് സെന്റ് ജോസഫ്സ് കാഴ്ച വെച്ചത്. പങ്കെടുത്ത എല്ലായിനങ്ങളും സമ്മാനാർഹമായി. പ്രളയം വിതച്ച ദുരനുഭവങ്ങൾ ഈ വർഷത്തെ ആഘോഷങ്ങൾ ഇല്ലാതാക്കി. അല്ലായിരുന്നെങ്കിൽ സാഹിത്യവേദി ഉപജില്ല കിരീടം നമുക്ക് നേടാമായിരുന്നു.

കവിതാലാപനം–ഫസ്റ്റ് ആൻലിയ സജി 9കെ, പുസ്തകാസ്വാദനം–ഫസ്റ്റ് ദീപ 9കെ., അഭിനയം –ഫസ്റ്റ് വിഷ്ണു 9കെ., ചിത്രരചന –ഫസ്റ്റ് മുഹമ്മദ് ഷുഹൈബ് 8എ., കവിത രചന–സെക്കന്റ് ശ്രേയ, നാടൻപാട്ട്–സെക്കന്റ് നിധിൻ 7ഇ, പുസ്തകാസ്വാദനം–സെക്കന്റ് അനാമിയ 7ഇ.

## യു.എസ്.എസ്. പ്രതിഭകൾ

2017–18 അധ്യയനവർഷത്തിൽ മതിലകം സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ മാധവ് എം.എം., കൃഷ്ണ സുനിൽ, ആദർശ് ഇ.എസ്, ഗോപികകൃഷ്ണ, അൻഷ റോസ് പെരേര എന്നീ വിദ്യാർത്ഥികൾ യു,എസ്.എസ്. കരസ്ഥമാക്കിക്കൊണ്ട് സബ്ബ് ജില്ലയിൽത്തന്നെ സ്കൂളിനെ ഒന്നാം സ്ഥാനത്തെത്തിച്ചു.

## എൻ കളിക്കൂട്ടുകാരി

അലീനാ സുതൻ

എൻ കളിക്കൂട്ടുകാരി
എൻ കളിക്കൂട്ടുകാരി
എവിടെയാണ് നീ...
നിന്റെ കണ്ണുകളിലും പുഞ്ചിരിയിലും
സ്നേഹത്തിന്റെ നൊമ്പ–
രങ്ങൾ ഞാൻ കാണുന്നു.

നിന്റെ കൂടെയുള്ള
നിമിഷങ്ങൾ ഓർക്കുമ്പോൾ
സന്തോഷത്തിന്റെ കുളിർമകൾ
എന്നെ തലോടുന്നു.
നീ എന്നിൽ നിന്ന് അകന്ന്
പോയ നിമിഷങ്ങൾ ഓർക്കുമ്പോൾ
സങ്കടത്തിന്റെ നൊമ്പരങ്ങളാണ് എന്നെ
തലോടുന്നത്. ഇനി എന്ന് കാണും നമ്മ
അകന്ന് പോയത് പോലെ അടുക്കാൻ പറ്റുമോ

# ശാസ്ത്രമേളയിൽ സെന്റ് ജോസഫ്സിന് ഉജ്ജ്വല വിജയം

കഴിഞ്ഞവർഷങ്ങളിലെ പോലെ തന്നെ ഇക്കുറിയും ശാസ്ത്രമേളയിൽ ഉജ്ജ്വലവിജയം നേടാൻ കഴിഞ്ഞു. സ്കൂൾ തല ശാസ്ത്രോത്സവത്തിൽ യു.പി., ഹൈസ്കൂൾ തലങ്ങളിൽ നിരവധി വിദ്യാർത്ഥികൾ പങ്കെടുത്ത പ്രളയ പശ്ചാത്തലത്തിൽ ഹൈസ്കൂൾ തലത്തിൽ മാത്രമാണ് തുടർ മത്സരങ്ങൾ ഉണ്ടായത്. ഉപജില്ലാ മത്സരത്തിൽ സാമൂഹ്യശാസ്ത്രമേളയിലും, ഗണിത ശാസ്ത്രമേളയിലും ഐ.ടി. മേളയിലും ഉപജില്ലയിൽ ഒന്നാം സ്ഥാനം സെന്റ് ജോസഫ്സിനു ലഭിച്ചു.

ജില്ലാതല ശാസ്ത്രമത്സരത്തിലും സെന്റ് ജോസഫ്സിലെ ചുണകുട്ടികൾ തകർപ്പൻ പ്രകടമാണ് കാഴ്ച വെച്ചത്. ഗണിത ശാസ്ത്രമേളയിൽ സ്റ്റിൽ മോഡൽ വിഭാഗത്തിൽ 10 കെ യിലെ അരുന്ധതി ദേവി, സാമൂഹ്യ ശാസ്ത്രമേളയിൽ വർക്കിങ്ങ് മോഡൽ വിഭാഗത്തിൽ 9 എ യിലെ അഭിനവ് സൈജു, അമൽ എസ്.എസ്. എന്നിവർ ഒന്നാം സ്ഥാനം നേടുകയുണ്ടായി. കൂടാതെ ശാസ്ത്രമേളയിലെ സ്റ്റിൽമോഡൽ വിഭാഗത്തിൽ 10 കെയിലെ ഹന്നമരിയ, രാരിയ പി. ബി. പ്രവർത്തിപരിചയമേളയിൽ ബാംബൂ പ്രോഡക്ട്സിൽ 9 സിയിലെ മുഹമ്മദ് നിസാർ കെ. എം., ഡോൾ മേക്കിങ്ങിൽ 10 ജെയിലെ അസിയ സഹദ് എന്നിവർ രണ്ടാംസ്ഥാനം നേടുകയുണ്ടായി. മാത്രമല്ല സാമൂഹ്യശാസ്ത്രമേളയിലെ അറ്റ്ലസ് മേക്കിങ്ങിൽ 10 കെയിലെ കെ.എസ്. യദുമാധവ് പ്രവർത്തിപരിചയമേളയിൽ ചാർട്ട് മേക്കിങ്ങിൽ 9 കെയിലെ ജോഷ്ലിൻ ജക്കോബി എന്നിവർ മൂന്നാം സ്ഥാനം നേടുകയുണ്ടായി.

നവംബർ അവസാനവാരത്തിൽ കണ്ണൂരിൽ വെച്ച്നടന്ന സംസ്ഥാന തല ശാസ്ത്രോത്സവത്തിൽ നമ്മുടെ സ്കൂളിലെ 6 കുട്ടികൾ എ ഗ്രേഡുകൾ വാങ്ങി മികച്ച പ്രകടനം കാഴ്ചവെച്ചു. സാമൂഹ്യശാസ്ത്രമേളയിലെ വർക്കിങ്ങ് മോഡൽ വിഭാഗത്തിൽ 9 എയിലെ അഭിനവ് സൈജു, അമൽ എസ്. എസ്. പ്രവർത്തി പരിചയമേളയിൽ ഡോൾമേക്കിങ്ങിൽ 10 ജെയിലെ ആസിയ സഹദ് എന്നിവർ സംസ്ഥാന തലത്തിൽ രണ്ടാം സ്ഥാനം നേടി നമ്മുടെ യശസ്സ് ഉയർത്തി. ശാസ്ത്രമേളയിൽ സ്റ്റിൽ മോഡൽ വിഭാഗത്തിൽ 10 കെയിലെ ഹന്നമരിയ, രാരിയ പി.ബി., ഗണിത ശാസ്ത്രമേളയിൽ സ്റ്റിൽ മോഡൽ വിഭാഗത്തിൽ 10 കെയിലെ അരുന്ധതിദേവി എം. എന്നിവർക്ക് സംസ്ഥാനതലത്തിൽ എഗ്രേഡ് ലഭിച്ചു. പ്രവർത്തി പരിചയമേളയിൽ ബാബു പ്രോഡക്ടിയിൽ 9 സിയിലെ മുഹമ്മദ് നിസാർ കെ. എം. സി ഗ്രേഡ് നേടുകയുണ്ടായി.

# സ്നേഹബന്ധം

സഞ്ജയ്കൃഷ്ണ എ.എസ്., 8 സി

ഒരിടത്തൊരിടത്ത് രണ്ട് കുട്ടികൾ ഉണ്ടായിരുന്നു. അപ്പുവും ഇക്രുവും എന്നായിരുന്നു അവരുടെ പേര്. പരസ്പരം ബന്ധുമിത്രാദികളായാണ് അവർ കഴിഞ്ഞിരുന്നത്. അപ്പുവിന് നല്ല വികൃതിയും, ആരെയും അനുസരിക്കാതെ സ്വന്തം ഇഷ്ട പ്രകാരം ജീവിയ്ക്കണം. കൂടാതെ എടുത്തുചാട്ടക്കാരനും ആയിരുന്നു. എന്നാൽ ഇക്രു അങ്ങനെയല്ല. വളരെ നല്ല കുട്ടിയാണ്. അവന് സ്വന്തമായി അമ്മയും അച്ഛനും മാത്രമാണ് ഉള്ളത്. ബന്ധുക്കൾ ഉപേക്ഷിച്ച അവരെ അപ്പുവിന്റെ മാതാപിതാക്കൾക്ക് വലിയ കാര്യമാണ്. അങ്ങനെയാണ് അവർ പരസ്പരം കൂട്ടുകൂടിയത്. അങ്ങനെ ഒരുദിവസം അപ്പുവിന്റെ ബർത്ത്ഡേ പാർട്ടിയിൽ എല്ലാവരും കൂടിയപ്പോൾ കേക്ക് മുറിച്ച് ആഘോഷിക്കുകയും ചെയ്ത് ഉറക്കമൊഴിച്ച് അവൻ അമേരിക്കയിലെ അമ്മാവനെ കാത്തുനിന്നു. കുറച്ചു സമയം കഴിഞ്ഞപ്പോൾ അമ്മാവൻ വരുന്നതിന്റെ സൂചന അവന് കിട്ടിയിരുന്നു. കഴിഞ്ഞ എല്ലാ പാർട്ടിയിലും അമ്മാവൻ ഒരുപാട് സമ്മാനങ്ങൾ കൊണ്ടുവരുമായിരുന്നു. പക്ഷെ ഈ പ്രാവശ്യം അമ്മാവന്റെ കയ്യിൽ ഒന്നും തന്നെയില്ല. അപ്പുവിന്റെ സങ്കടം കണ്ട ഇക്രു അവന്റെ ബന്ധുസ്നേഹം അകലാതിരിക്കാൻ അവൻ അമ്മയുടെ അടുക്കൽ ചെന്ന് പറഞ്ഞു.

"അമ്മേ! എനിക്ക് സ്നേഹം സമ്മാനമായിതരുമോ"

അവന്റെ ആ മറുപടി കേട്ട എല്ലാവരും പൊട്ടിച്ചിരിച്ചു. ഒറ്റ മുറിയിൽ മാറി നിന്നിരുന്ന അപ്പുവിനേയുംകൊണ്ട് ഇക്രു പുറത്തേക്ക് പോയി-എന്നിട്ട് രാത്രിയിലെ നിലാവിനെ നോക്കി അവർ പറഞ്ഞു. "അപ്പു, ദേ നോക്കൂ... ആ നക്ഷത്രങ്ങളെല്ലാം എത്രയോ വർഷമായി ചന്ദ്രനെ സ്നേഹിക്കുന്നു. അവരുടെ സ്നേഹം ഇതുവരെ നശിച്ചുപോയിട്ടില്ല. അതുപോലെയാവണം നിന്റെ ബന്ധുക്കളോടുള്ള ഈ സ്നേഹവും." അപ്പുവിന്റെ കണ്ണിൽനിന്ന് സ്നേഹത്തിന്റെ മണിമുത്തുകൾ താഴെ പതിഞ്ഞു. പിന്നീടൊരിക്കലും അവൻ സ്നേഹബന്ധത്തെ സമ്മാനത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചിട്ടില്ല.

# ഇത്തവണയും സോഷ്യൽ സയൻസ് മികവ് സെന്റ് ജോസഫ്സിന്

2018-19 അധ്യയനവർഷത്തെ വിവിധ ക്ലബ്ബുകളുടെ ഔദ്യോഗിക ഉദ്ഘാടനം ജൂലൈ 2-ാം തിയ്യതി 10.30ന് നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ പി.ടി.എ. പ്രസിഡന്റ് എം.എസ്. ദിലീപ് അധ്യക്ഷപദം അലങ്കരിച്ചു. FACT മുൻമാനേജർ മുരളീധരൻ സർ ഉദ്ഘാടനം നിർവ്വഹിച്ചു. എച്ച്.എം. മുജീബ് മാസ്റ്റർ സ്വാഗതവും സ്റ്റാഫ് സെക്രട്ടറി ശ്രീധരൻ മാസ്റ്റർ നന്ദിയും പറഞ്ഞു.

വർഷങ്ങളായി ജില്ലയിലെ ഏറ്റവും നല്ല സോഷ്യൽ സയൻസ് ക്ലബിനുള്ള അവാർഡ് നേടുന്ന ക്ലബ്ബ് ഈ വർഷവും നല്ല ഉപജില്ലാ-ജില്ലാ-സംസ്ഥാനതലങ്ങളിൽ മികച്ച പ്രകടനം കാഴ്ച വക്കുകയുണ്ടായി.

ജൂലൈ 11 ലോകജനസംഖ്യാദിനത്തോടനുബന്ധിച്ച് ക്വിസ്മത്സരം, ചാന്ദ്രദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരം, കൊളാഷ്, സ്വാതന്ത്ര്യദിനാചരണത്തോടനുബന്ധിച്ച് ക്വിസ്മത്സരം തുടങ്ങി. നിര



മൂന്നുവർഷം തുടർച്ചയായി സംസ്ഥാനതലത്തിൽ ഉർദുപ്രസംഗത്തിൽ എ ഗ്രേഡി ഉം, ഇബ്രുവൈവെസ്ഡ് എക്സ്പീരിമെന്റിൽ എ ഗ്രേഡ് ഉം നേടിയ സെന്റ് ജോസഫ്സിന്റെ അഭിമാന താരം അഫ്രനാസർ യു., 10 കെ

# പെരുമ

സെന്റ് ജോസഫ്സ് ഹയർ
സെക്കണ്ടറി സ്കൂൾ, മതിലകം

## സംസ്ഥാന തലത്തിൽ മികച്ച നേട്ടം കൈവരിച്ചവർ



**അഭിനവ് സൈജു (IX)**
സാമൂഹ്യശാസ്ത്രമേള
വർക്കിങ്ങ് മോഡൽ
2nd 'എ' ഗ്രേഡ്



**അമൽ എസ്.എസ്. (IX)**
സാമൂഹ്യശാസ്ത്രമേള
വർക്കിങ്ങ് മോഡൽ
2nd 'എ' ഗ്രേഡ്



**ആസിയ സഹദ് (X)**
പ്രവൃത്തി പരിചയമേള
പാവനിർമ്മാണം
2nd 'എ' ഗ്രേഡ്



**അരുന്ധതി ദേവി എം. (X)**
ഗണിതശാസ്ത്ര
മേള-സ്റ്റിൽമോഡൽ,
കലോത്സവം-
വീണ 'എ' ഗ്രേഡ്



**രാരിയ പി.ബി. (X)**
ശാസ്ത്രമേള സയൻസ്
സ്റ്റിൽമോഡൽ,
സ്പോർട്സ്-അത്‌ലറ്റിക്സ്
'എ' ഗ്രേഡ്



**ഷബിൻ പി.എം. (X)**
സ്പോർട്സ്-
തായ്ക്കോണ്ടോ 2'nd



**നിസാമുദ്ദീൻ (X)**
സ്പോർട്സ്-
ബോക്സിങ്ങ് 3'rd



**നിമ ഫൈസൽ (IX)**
സ്പോർട്സ് -വുഷു



**അഫ്നനാസർ (X)**
കലോത്സവം-ഉറുദു
പ്രസംഗം 'എ' ഗ്രേഡ്



**അനഘ അരുൺ എ.എ. (IX)**
കലോത്സവം-
ചവിട്ടുനാടകം 'എ' ഗ്രേഡ്



**മാളവിക (X)**
കലോത്സവം-
ചവിട്ടുനാടകം 'എ' ഗ്രേഡ്



**ശില്പ എ.എം. (X)**
കലോത്സവം-ചവിട്ടു
നാടകം 'എ' ഗ്രേഡ്

### L.S.S.വിജയികൾ



സഞ്ജന ഷാജി



ഹരികൃഷ്ണ എൻ.പി.

### U.S.S. വിജയികൾ



അൻഷ റോസ് പെരേര



ഗോപിക



കൃഷ്ണ സുനിൽ



ആദർശ് ഇ.എസ്.



മാധവ് എം.എം.



**ഹന്ന മരിയ (X)**
ശാസ്ത്രമേള സയൻസ്-
സ്റ്റിൽ മോഡൽ 'എ' ഗ്രേഡ്



**അഖില എം. സുരേഷ് (IX)**
കലോത്സവം-
ചവിട്ടുനാടകം 'എ' ഗ്രേഡ്


**കാർത്തിക കെ.ആർ. (X)**
കലോത്സവം-ചവിട്ടുനാടകം 'എ' ഗ്രേഡ്


**ആരതി പി.എസ്. (X)**
കലോത്സവം-ചവിട്ടുനാടകം 'എ' ഗ്രേഡ്


**ആർദ്ര സുകുമാർ (X)**
കലോത്സവം-ചവിട്ടുനാടകം 'എ' ഗ്രേഡ്


**ജിയ റോസ് ബിജു (X)**
കലോത്സവം-ചവിട്ടുനാടകം 'എ' ഗ്രേഡ്


**ദേവികൃഷ്ണ എം.പി. (IX)**
കലോത്സവം-ചവിട്ടുനാടകം 'എ' ഗ്രേഡ്


**വൈഷ്ണവി (X)**
കലോത്സവം-ചവിട്ടുനാടകം 'എ' ഗ്രേഡ്


**എയ്ഞ്ചല വർഗീസ് (X)**
കലോത്സവം-ഒപ്പന


**ചന്ദന (VIII)**
കലോത്സവം-ഒപ്പന


**റോണിയ (IX)**
കലോത്സവം-ഒപ്പന


**സയനോര (VIII)**
കലോത്സവം-ഒപ്പന


**സിൽന കെ.വി. (VIII)**
കലോത്സവം-ഒപ്പന


**സാന്ദ്ര പി. (X)**
കലോത്സവം-ഒപ്പന


**ആരതി (VIII)**
കലോത്സവം-ഒപ്പന


**അമൃത (IX)**
കലോത്സവം-ഒപ്പന


**ധന്യ സുകുമാരൻ (IX)**
കലോത്സവം-ഒപ്പന


**റംഷിദ (X)**
കലോത്സവം-ഒപ്പന


**റിഷികേശ് (X)**
സ്പോർട്സ് അത്‌ലറ്റിക്സ്


**മുഹമ്മദ് അർഫാദ് (X)**
സ്പോർട്സ് അത്‌ലറ്റിക്സ്


**അലോക് (X)**
സ്പോർട്സ് അത്‌ലറ്റിക്സ്


**നവീൻ (X)**
സ്പോർട്സ് ഹോക്കി


**സുദേവ് (IX)**
സ്പോർട്സ് ഹോക്കി


**വിവേകാനന്ദൻ (X)**
സ്പോർട്സ് ഹോക്കി


**അൻസിൽ (VIII)**
സ്പോർട്സ് ഹോക്കി


**മുഹമ്മദ് നിസാർ (IX)**
പ്രവൃത്തി പരിചയമേള, മുള കൊണ്ടുള്ള ഉൽപ്പന്നങ്ങൾ.



**വിഷ്ണു (IX)**
കലോത്സവം-
ഇംഗ്ലീഷ് സ്കിറ്റ്



**ഹാരി (IX)**
കലോത്സവം-
ഇംഗ്ലീഷ് സ്കിറ്റ്



**ചന്ദന (VIII)**
കലോത്സവം-
തിരുവാതിര



**ദേവഗംഗ (VIII)**
കലോത്സവം-
തിരുവാതിര



**ഐശ്വര്യലക്ഷ്മി (X)**
കലോത്സവം-
തിരുവാതിര




**മേധ (VIII)**
കലോത്സവം-
തിരുവാതിര



**ധന്യ സുകുമാരൻ (IX)**
കലോത്സവം-
തിരുവാതിര



**നീതു (VIII)**
കലോത്സവം-
തിരുവാതിര



**അഭിനന്ദന (VIII)**
കലോത്സവം-
തിരുവാതിര



**അമർ യൂസഫ് (IX)**
കലോത്സവം-
ദഫ്മുട്ട്



**ആഷിക് (IX)**
കലോത്സവം-
ദഫ്മുട്ട്



**മുഹമ്മദ് ആഷിക് (IX)**
കലോത്സവം-
ദഫ്മുട്ട്



**മുഹമ്മദ് അൻസിൽ (IX)**
കലോത്സവം-
ദഫ്മുട്ട്



**മിറാഷ് (IX)**
കലോത്സവം-
ദഫ്മുട്ട്



**റിസ്വാൻ (IX)**
കലോത്സവം-
ദഫ്മുട്ട്



**നന്ദു മുകുന്ദ് (X)**
കലോത്സവം-
ദഫ്മുട്ട്



**മുഹമ്മദ് ഉവൈസ് (IX)**
കലോത്സവം-
ദഫ്മുട്ട്



**മുഹമ്മദ് ഷഫിൻ (IX)**
കലോത്സവം-
ദഫ്മുട്ട്



**മുഹമ്മദ് നൈഫ് (IX)**
കലോത്സവം-
ദഫ്മുട്ട്

## കലോത്സവം–കോൽക്കളി



അൻസാം ഹനീൻ മുഹമ്മദ്, ഫായിസ് അഹമ്മദ്, ഷംസുദ്ദീൻ, മുഹമ്മദ് നിഹാൽ, സജയ്കൃഷ്ണ, ഫഹദ്, ആഷിംഅസ്ലം, മുഹമ്മദ് സൽമാൻ, അഖിൽ, സൽമാൻ പി.ടി., റുമൈസ് അലി, ഷിനാസ്.

## കലോത്സവം–ഉറുദു സംഘഗാനം



കൃഷ്ണപ്രിയ, സാന്ദ്ര പി., ആൻലിയസജി, ആദിത്യൻ, അരുന്ധതി ദേവി, റംഷിദ, സഹല സത്താർ